പതിമൂന്നാം കേരളനിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 7029

11.7.2014 ലെ മറുപടിക്ക്

അദ്ധ്യാപകരുടെ ഇന്റർ ഡിസ്ട്രിക്ട് ട്രാൻസ്ഫർ

| ചോദ്യം | | ഉത്തരം |
| --- | --- | --- |
| ശ്രീ.പി.റ്റി.എ.റഹീം | | ശ്രീ.പി.കെ.അബ്ദുറബ്ബ്<br>(ബഹു.വിദ്യാഭ്യാസവകുപ്പ് മന്ത്രി) |
| (എ) 2013–14 വർഷത്തെ അദ്ധ്യാപകരുടെ ഇന്റർ ഡിസ്ട്രിക്ട് ട്രാൻസ്ഫർ 14.06.2014 –ന് മുമ്പായി പൂർത്തിയാക്കണമെന്ന്നിർദ്ദേശം നൽകിയിരുന്നുവോ ; | (എ) യും (ബി) യും | 2013–14 വർഷത്തെ അദ്ധ്യാപകരുടെ ഇന്റർ ഡിസ്ട്രിക്ട് ട്രാൻസ്ഫർ 14.06.2014 –ന് മുമ്പായി പൂർത്തിയാക്കണമെന്ന്നിർദ്ദേശം നൽകിയിരുന്നെങ്കിലും 2013-14 ലെ തസ്തിക നിർണ്ണയം പൂർത്തിയാകാത്തതിനാൽ ഇതിലേയ്ക്കായിട്ടുള്ള ഒഴിവുകൾ തിട്ടപ്പെടുത്തുവാൻ സാധിച്ചിരുന്നില്ല. ആയതിനാൽ സമയപരിധിയ്ക്കകം അന്തർജില്ലാ സ്ഥലംമാറ്റം ജില്ലകളിൽ പൂർത്തിയാക്കാൻ കഴിഞ്ഞിട്ടില്ല. ആയതിനായി വിഹിതം ചെയ്ത ഒഴിവുകൾ ലഭ്യമെങ്കിൽ അടിയന്തിര നടപടി സ്വീകരിക്കാൻ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട് |
| (ബി) ഏതെല്ലാം ജില്ലകളിൽ സമയപരിധിക്കകം ഇത് പൂർത്തിയാക്കിയിട്ടുണ്ട് ഇല്ലെങ്കിൽ കാരണമെന്തെന്ന് വ്യക്തമാക്കാമോ? | | |

സെക്ഷൻഓഫീസർ